1

# ചോ:

# "'സഭ' എന്ന വാക്കിന്റെ അർത്ഥം എന്ത്?"

# ഉത്തരം:

ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചപ്പോൾ ദൂതന്മാരും സന്നിഹിതരായിരുന്നു: "പ്രഭാതനക്ഷത്രങ്ങൾ ഒന്നിച്ചു ഘോഷിച്ചുല്ലസിക്കയും, ദൈവപുത്രന്മാരെല്ലാവരും സന്തോഷിച്ചാർക്കുകയും ചെയ്തു" (ഇയ്യോബ് 38:7; കെജെവി). പ്രപഞ്ചം സൃഷ്ടിക്കുന്നതിനു മുൻപു തന്നെ, ഞാൻ ആകുന്നവൻ ഞാനാകുന്നു (പുറപ്പാട് 3:14) എന്നവന്നു തന്റെ ജനത്തിനുവേണ്ടി ഒരു പദ്ധതി ഉണ്ടായിരുന്നു. അവന്റെ പരിമിതിയില്ലാത്ത ജ്ഞാനത്തിലും സ്നേഹത്തിലും, യേശുവിന്റെ രക്തം മുഖാന്തരം സഭ എന്നു പൊതുവെ പറയുന്ന, വിളിച്ചു-വേർതിരിക്കുന്നവരുടെ കൂട്ടം ആയ, *എക്ലേസ്യ* പണിയുവാൻ ഒരു പദ്ധതി തയ്യാറാക്കി (എഫെസ്യർ 1:7-9; 3:21; 1 പത്രൊസ് 1:18-21).

ആ സഭയിൽ, അസംഖ്യം ദൂതഗണങ്ങളുടെ മുൻപാകെ, ദൈവത്തിന്റെ ജ്ഞാനം വെളിപ്പെടുത്തേണ്ടിയിരുന്നു (എഫെസ്യർ 3:10, 11). *എക്ലേസ്യ* എന്ന അവന്റെ സഭ, പണിയുമെന്നു ക്രിസ്തു വാഗ്ദാനം ചെയ്യുന്നതിനു വളരെ മുൻപു തന്നെ, എന്തോ അത്ഭുതകരമായതു സംഭവിക്കുവാൻ പോകുന്നു എന്നു ദൂതന്മാർക്ക് അറിയാമായിരുന്നതുകൊണ്ട്, അതെന്താണെന്നറിയുവാൻ അവർ ആകാംക്ഷയോടെ കാത്തിരുന്നു (ഗ്രീക്ക്.: *പാരാകുപ്റ്റോ*[1]; 1 പത്രൊസ് 1:12).

ദൂതന്മാർക്കോ അല്ലെങ്കിൽ മനുഷ്യർക്കോ അവൻ തന്റെ ദൈവിക ഉദ്ദേശം മുഴുവനായി വെളിപ്പെടുത്തിയിരുന്നില്ല. അത് ഒരു മർമ്മമായിരുന്നു (എഫെസ്യർ 3:3, 4). ഒരു കണ്ണും കണ്ടിട്ടില്ലാത്തതും, ഒരു ചെവിയും കേട്ടിട്ടില്ലാത്തതും, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നിയിട്ടില്ലാത്തതുമാണ് അവൻ സഭയിൽ വെളിപ്പെടുത്തിയതായ ആ നല്ല കാര്യങ്ങൾ (യെശയ്യാവു 64:4; 1 കൊരിന്ത്യർ 2:9, 10).

പ്രവാചകന്മാർ എഴുതിയ കാര്യങ്ങളെ അവർ തന്നെ ഉൽസാഹത്തോടെ ആരാഞ്ഞുകൊണ്ടിരുന്നു (മത്തായി 13:17; 1 പത്രൊസ് 1:10). അവസാനം, ദൈവം തിരഞ്ഞെടുത്ത കാലസമ്പൂർണ്ണതയും, വർഷവും, മാസവും, നാഴികയും വന്നു. ഒടുവിൽ, ദൈവത്തിന്റെ അപ്രമേയമായ ജ്ഞാനം പ്രമാണിമാർക്കും അധികാരികൾക്കും സഭ മുഖാന്തരം അറിയായ്‌വന്നു (ഗലാത്യർ 4:4; എഫെസ്യർ 3:10, 11; വെളിപ്പാട് 9:15).

### ലോകവ്യാപകമായി, വിളിച്ചു-ചേർക്കപ്പെട്ടവർ

പത്രമാദ്ധ്യമങ്ങൾക്കും മറ്റുള്ളവർക്കും, "ക്രിസ്തുവിന്റെ സഭ" എന്ന പ്രയോഗം അർത്ഥമാക്കുന്നതു മറ്റൊരു നാമധേയവിഭാഗം ആയിട്ടാണ്. അതിലുപരിയായി, ചില സഭാംഗങ്ങൾ നാമധേയവിഭാഗങ്ങളുടെ ഭാഷയായ, "ചർച്ച് ഓഫ് ക്രൈസ്റ്റ് പ്രീച്ചേഴ്സ്," "ചർച്ച് ഓഫ് ക്രൈസ്റ്റ് ഇടവകകൾ," "ഞാൻ ഒരു ചർച്ച് ഓഫ് ക്രൈസ്റ്റുകാരൻ" എന്നുപോലും ഉപയോഗിക്കുന്നുണ്ട്.

ഒരു ക്രിസ്തീയ സേവകനായ, ആൽവിൻ ലൗറി, ജെർമ്മനിയിലെ, ഫ്രാങ്ക്ഫർട്ടിൽ മിഷ്ണറി ആയി വന്നപ്പോൾ, ടെലഫോൺ ഡയറക്ടറിയിൽ ചർച്ച് ഓഫ് ക്രൈസ്റ്റിന്റെ അഡ്രസ്സ് നോക്കി, ജെർമ്മൻ ഭാഷയിൽ അതു *കിർച്ചേ ക്രിസ്റ്റി* എന്നായിരിക്കാം; പക്ഷെ ആ വാക്ക് ഡയറക്ടറിയിൽ ഉണ്ടായിരുന്നില്ല. അയാൾ കണ്ടത് *ജെമെയിൻഡേ ക്രിസ്റ്റി* എന്നാണ്, അതിന്റെ അർത്ഥം "ക്രിസ്തുവിന്റെ സമൂഹം."

ജെർമ്മൻ വാക്കായ *ജെമെയിൻഡേ* എന്നു കേൾക്കുമ്പോൾ ഒരാൾ യേശുവിന്റെ വാക്കായ *എക്ലേസ്യ* എന്നതിനെ കുറിച്ചു ചിന്തിച്ചേക്കാം, അതു "സഭ" എന്നു തർജ്ജിമ ചെയ്തിരിക്കുന്ന ഒരു വാക്കും എന്നാൽ അർത്ഥമാക്കുന്നതു "വിളിച്ചു വേർതിരിക്കപ്പെട്ടവർ" എന്നുമാണ്. ആളുകൾ അവന്റെ വിളിക്കപ്പെട്ട-കൂട്ടം അഥവാ, അവന്റെ വേർപെട്ട സമൂഹം ആകുമെങ്കിൽ എല്ലാവരെയും അനുഗ്രഹിക്കുവാനുള്ള പിതാവിന്റെ സ്നേഹമുള്ള പദ്ധതിയെയാണ് ആ വാക്ക് അർത്ഥമാക്കുന്നത് (മത്തായി 16:18).

യേശു ഉപയോഗിച്ച വാക്കിനു അതിൽത്തന്നെ മതപരമായ അർത്ഥമില്ല. ഒരു പ്രത്യേകതരം ഓർഫിയസിനെ കുറിച്ചു ഗ്രീക്ക് പുരാണം പറയുന്നു, സ്വയം *എക്ലേസ്യ*നായി തീർന്നവർ - ത്രേസ്യ പർവ്വതത്തിൽ വെച്ച് അവന്റെ വാക്കുകൾ കേട്ട, ഒരു കൂട്ടം വന്യമൃഗങ്ങളാണ്. ലൂക്കൊസ് ആ വാക്ക് നഗരവാസികൾ ഒന്നിച്ച് വ്യാപാരത്തിനായി കൂടി വരുന്നതിനും, എഫെസ്യ പട്ടണനിവാസികൾ കൂടി വരുന്നതിനും ഉപയോഗിച്ചിട്ടുണ്ട് (പ്രവൃത്തികൾ 19:39).

പൗലൊസിനു എതിരെയുള്ള വെറുപ്പു പ്രകടിപ്പിക്കുവാനായി ക്രമവിരുദ്ധമായി, ആർക്കുന്ന ഒരു കൂട്ടത്തെ വിവരിക്കുവാനും, ലൂക്കൊസ് ആ വാക്ക് ഉപയോഗിച്ചിട്ടുണ്ട് (പ്രവൃത്തികൾ 19:32, 41). അതിലുമധികമായി, മിസ്രയീമിൽനിന്നു വിളിച്ചു വേർതിരിച്ചു കനാൻ ദേശത്തേക്കു കൊണ്ടുപോയവരെയും ഉദ്ദേശിച്ചു അവൻ ആ വാക്ക് ഉപയോഗിച്ചിട്ടുണ്ട് (പ്രവൃത്തികൾ 7:38). അതിനുപുറമെ, യേശു ഉപയോഗിച്ചതുപോലെ ലൂക്കൊസ് ആ വാക്ക് ഉപയോഗിച്ചത്: യേശുവിന്റെ വാക്കുകൾ കേട്ടു വിളിച്ചു വേർതിരിക്കപ്പെട്ടവരെ സൂചിപ്പിക്കുവാൻ, "എന്റെ അടുക്കലേക്കു വരുവിൻ" (മത്തായി 11:28; 16:18; പ്രവൃത്തികൾ 5:11; പ്രവൃത്തികൾ 2:47 നോക്കുക; കെജെവി).

മിക്ക ഇംഗ്ലീഷ് ബൈബിളും *എക്ലേസ്യ* എന്ന വാക്കിനെ "ചർച്ച്," എന്നു തെറ്റായിട്ടു തർജ്ജിമ ചെയ്തിരിക്കുന്നു, *വെബ്സ്റ്റേഴ്സ് ഡിക്ഷ്ണറി* അനുസരിച്ച് അതിന്റെ അർത്ഥം "പരസ്യാരാധനക്കു വേർ തിരിച്ചിരിക്കുന്ന ഒരു വലിയ കെട്ടിടം" എന്നാണ്. ആ നിർവ്വചനത്താൽ, "ചർച്ച്" എന്ന വാക്കിനു യേശു പറഞ്ഞ *എക്ലേസ്യ* എന്ന വാക്കുമായി ഒരു ബന്ധവുമില്ല.

അതിലുമധികമായി, ഗ്രീക്കു പുതിയനിയമത്തിൽനിന്നുള്ള ആദ്യത്തെ തർജ്ജിമ (1525-ൽ വില്യം ടിൻടെയിൽ തയ്യാറാക്കിയത്) *എക്ലേസ്യയെ* "ചർച്ച്" എന്നല്ല, എന്നാൽ "ഇടവക" എന്നാണു സൂചിപ്പിക്കുന്നത്. കിങ് ജെയിംസ് വെർഷൻ തർജിമ ചെയ്യുവാനിരുന്ന അമ്പത്തി-നാലു തർജിമക്കാരുടേയും മുമ്പിൽ ടിൻടെയിലിന്റെ വെർഷൻ ഉണ്ടായിരുന്നു, അതു ശരിയാണെന്നും അവർക്ക് അറിയാമായിരുന്നു. എന്നിട്ടും, ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ തലവനായിരുന്ന, കിങ് ജെയിംസ് I, അവർ ടിൻടെയിലിനെ പിൻപറ്റുന്നതിനെ വിലക്കി. *എക്ലേസ്യയെ* "ഇടവക" എന്നല്ല, "ചർച്ച്"[2] എന്നാണ് തർജ്ജിമ ചെയ്യേണ്ടത് എന്നു അവൻ കല്പന കൊടുത്തു.

തൽഫലമായി ഇംഗ്ലീഷ്-സംസാരിക്കുന്ന ലോകത്ത് ദൈവശ്വാസീയ എഴു

ത്തുകാർ ഉപയോഗിക്കാത്ത വാക്ക് അടിച്ചേൽപ്പിക്കപ്പെട്ടു. അലെക്സാണ്ടർ കാംബെൽ തന്റെ തർജ്ജിമയിൽ[3] ടിൻടെയിലിന്റെ തർജ്ജിമ തന്നെയാണ് പിൻപറ്റിയത്, പക്ഷെ കിങ് ജെയിംസ് വെർഷനിൽ ഉപയോഗിച്ച, "സഭ," എന്ന വാക്ക് ഇന്നും നിലനില്ക്കുന്നു.

"സഭ" എന്നതു നല്ല തർജ്ജിമ അല്ലെങ്കിലും, ആളുകൾ അതിനെ ഭൗതികമായ കെട്ടിടമായി കരുതുന്നതുവരെ അതു വചനവിരുദ്ധമാകുന്നില്ല. തീർച്ചയായും, കർത്താവിനാൽ വിളിച്ചു-വേർതിരിക്കപ്പെടുന്നവർ ഒരു കെട്ടിടമാണ്, പക്ഷെ ഭൗതികമല്ലെന്നു മാത്രം. അതു ജീവനുള്ള കല്ലുകളാൽ പണിയപ്പെടുന്ന ആത്മിക ഗൃഹമാണ് (1 പത്രൊസ് 2:5); ക്രിസ്ത്യാനികൾ ദൈവത്തിന്റെ മന്ദിരമാണ് (1 കൊരിന്ത്യർ 3:9). പാപികളെ "അന്ധകാരത്തിൽനിന്നും ... വിളിച്ചു തന്റെ അത്ഭുതപ്രകാശത്തിലേക്കു മാറ്റുന്നു" (1 പത്രൊസ് 2:9).

## പ്രാദേശിക സഭായോഗം

ലോകവ്യാപകമായ ഏകശരീരത്തിലേക്കു, വിളിച്ചു-വേർതിരിക്കപ്പെട്ട ആളുകൾ സ്നാനം ഏല്ക്കുന്നതു മുതൽ, ക്രിസ്ത്യാനികളെ വിളിക്കുന്നതു - വിളിച്ചുവേർതിരിക്കപ്പെട്ടവർ എന്നുമാത്രമല്ല, *എക്ലേസ്യയി*ലേക്കു ഒന്നിച്ചു ചേർക്കപ്പെട്ടവർ, അതിന് ഈ സന്ദർഭത്തിലുള്ള അതേ വാക്ക് ഉപയോഗിച്ചിട്ടുള്ളത് അർത്ഥമാക്കുന്നത് ഒരു പ്രാദേശിക സഭായോഗം എന്നാണ് (1 കൊരിന്ത്യർ 11:18; 14:23). *എക്ലേസ്യ*ക്കു പുറമെ പരിശുദ്ധാത്മാവു മറ്റൊരു വാക്ക് പ്രാദേശിക സഭായോഗത്തിനു ഉപയോഗിച്ചിട്ടുണ്ട്: *സുനഗോഗ്*, അർത്ഥം "ഒന്നിച്ചു നയിക്കൽ, ഒരു ഇടവക, ഒരു സഭായോഗം" (യാക്കൊബ് 2:2).

കർത്താവിനെ സ്നേഹിക്കുന്നവർ ഒരിക്കലും മനപ്പൂർവ്വം സഭായോഗം മുടക്കുകയില്ല (ഗ്രീക്ക്.: *എപിസുനഗോഗ്*; എബ്രായർ 10:25). സഭായോഗം മുടക്കരുതെന്നതു ദൈവകല്പന ആണെന്നതിനു പുറമെ, അവർ കൂടിവരുന്ന ഐക്യത്തെ ആസ്വദിച്ചിരുന്നു. സാധാരണ ആളുകൾ സ്നേഹത്തിൽ തന്നെ ആയിരുന്നു. "വളരെ സ്നേഹിതന്മാരുള്ള മനുഷ്യൻ ആ സ്നേഹത്തെ കാണിക്കണം: എന്നാൽ സഹോദരനേക്കാളും പറ്റുള്ള സ്നേഹിതന്മാരും ഉണ്ട്" (സദൃശവാക്യങ്ങൾ 18:24; കെജെവി). കൂട്ടം വിട്ടു നടക്കുന്നവൻ അസാധാരണനത്രേ: "കൂട്ടം വിട്ടു നടക്കുന്നവൻ സ്വേച്ഛയെ അന്വേഷിക്കുന്നു, സകല ജ്ഞാനത്തോടും അവൻ കയർക്കുന്നു" (സദൃശവാക്യങ്ങൾ 18:1; ഏഎസ്‌വി).

പ്രാദേശികസഭായോഗത്തിൽ, ക്രിസ്ത്യാനികൾ "അന്യോന്യം പ്രബോധിപ്പിക്കയും, നാൾ സമീപിക്കുന്നു എന്നു കാണുന്തോറും, [അവർ] അതു അധികമധികമായി ചെയ്യേണ്ടതാകുന്നു" (എബ്രായർ 10:25; കെജെവി). ഏതു നാൾ? ന്യായവിധി നാളാണോ? ആ അർത്ഥമായിരിക്കുവാൻ സാധ്യമല്ല, കാരണം "ആ നാളും നാഴികയും ആർക്കും അറിയില്ല" (മത്തായി 24:36); ആ ദിവസം ഒരു കള്ളനെ പോലെ വരും (1 തെസലൊനിക്യർ 5:4).

ഏതു നാൾ? ഏ.ഡി. 70–ലെ യെരുശലേമിന്റെ നാശത്തിന്റെ നാളാണോ? ആ നാൾ സമീപിക്കുന്നതായിട്ട് ആളുകൾക്കു കാണുവാൻ കഴിഞ്ഞു, എന്നാൽ ആ ദിവസം ക്രിസ്ത്യാനികൾ കൂടിച്ചേരേണ്ടതായിരുന്നില്ല: "പിന്നെ യെഹൂദ്യയിലുള്ളവർ മലമുകളിലേക്ക് ഓടിപോകണമായിരുന്നു" (മത്തായി 24:16).

ഏതു നാൾ? കർത്തൃദിവസമാണോ? ആഴ്ച്ചയിലെ ആദ്യ ദിവസമോ? ആ ദിവസം സമീപിക്കുന്നതായി, ക്രിസ്ത്യാനികൾക്കു കാണുവാൻ കഴി

ഞ്ഞിരുന്നു, അപ്പോഴും അവർക്കു കാണുവാൻ കഴിയുന്നുണ്ടായിരുന്നു. തിങ്കൾ മുതൽ ശനി വരെ അവർക്ക് അതു കാണുവാൻ കഴിയുന്നു. പൗലൊസ്, ധൃതഗതിയിലുള്ള യാത്രയിലായിരുന്നെങ്കിലും, ആഴ്ച്ചയുടെ ആദ്യ ദിവസം മറ്റു ക്രിസ്ത്യാനികളുമായി ചേർന്നു അപ്പം നുറുക്കുവാൻ ത്രോവാസിൽ "ഏഴു ദിവസം താമസിച്ചു" (തിങ്കൾ മുതൽ ഞായർ വരെ) (പ്രവൃത്തികൾ 20:6, 7; കൂടാതെ വാ. 16-ഉം നോക്കുക). കൂടാതെ, പൗലൊസ് പുത്യൊലിയിലും ഏഴുനാൾ തങ്ങി, അതും ഒരുപക്ഷെ ഇതേ കാരണത്താലായിരിക്കാം (പ്രവൃത്തികൾ 28:13, 14).

ഏ.ഡി. 101-ൽ, ക്രിസ്ത്യാനികൾ "ഒരിക്കലും ശബ്ബത്ത് ആചരിക്കാതെ, അവനാൽ നമുക്ക് ജീവൻ ലഭിച്ചതായ, കർത്തൃ ദിവസമാണ് ആചരിക്കുന്നത്" എന്നു ഇഗ്നേഷ്യസ് എഴുതി. ക്രിസ്ത്യാനികൾ "കർത്തൃമേശ ആഘോഷിക്കുന്നത് അന്നും ഓരോ ഞായറാഴ്ച്ചയും ദൈവിക ആരാധനയുടെ ആവശ്യഘടകമായി നിലനിന്നിരുന്നു" എന്നു ഏ.ഡി. 150-ൽ ജസ്റ്റിൻ മാർട്ടിർ എഴുതി. *അപ്പൊസ്തലന്മാരുടെ ഡിഡാക്കേ,* എന്ന രണ്ടാം-നൂറ്റാണ്ടിലെ പ്രമാണം, പറയുന്നതു "ഓരോ കർത്തൃദിവസവും [ക്രിസ്ത്യാനികൾ] അപ്പം നുറുക്കുന്നതിനും നന്ദി കരേറ്റേണ്ട [തിനും] കൂടി വന്നിരുന്നു" എന്നാണ്.

## സർവ്വവ്യാപകമായ സഭായോഗം

എല്ലാ കാലത്തുമുള്ള വെറും മനുഷ്യാത്മാക്കൾ ഒന്നിച്ചുകൂടി ആഘോഷിക്കുവാനും, സർവ്വവ്യാപകമായി സഭായോഗം കൂടുകയുമായിരുന്നു പിതാവിന്റെ പദ്ധതിയുടെ അന്തിമ-ലക്ഷ്യം. അവർ അസംഖ്യം ദൂതഗണങ്ങളോടൊപ്പം, ഒരു *പനേഗുരിസിൽ*, ഒന്നിച്ചുചേർന്നു ആലിംഗനനിമഗ്നരാകുന്നു (എബ്രായർ 12:23). ആ ദൈവശ്വാസീയ വാക്ക് സംയുക്തവാക്കാണ്: *പാൻ*, അർത്ഥം "എല്ലാ," *അഗുരിസ്*, അർത്ഥം "സഭായോഗം."

ഒരു പ്രത്യേക യിസ്രായേലിന്റെ പെരുന്നാൾ ദിവസം, യഹോവ കല്പിച്ചു, "നീ വേണ്ടുംവണ്ണം സന്തോഷിക്കണം" (ആവർത്തനപുസ്തകം 16:15). അത്തരം പെരുന്നാളിനെ ഒരു *പനേഗുരിസ്* ആണെന്നു പഴയനിയമ ഗ്രീക്ക് പറയുന്നു (യെഹെസ്ക്കേൽ 46:11; ഹോശേയ 2:11; 9:5). ഗ്രീക്കുകാർക്കിടയിൽ, ഒരു *പനേഗുരിസ്* എന്നതു ഒരു ഒളിംമ്പിക്സ് ഗെയിമിലെ ആഘോഷമായിരുന്നു. ക്രിസ്ത്യാനികൾക്കിടയിൽ, *പനേഗുരിസ്* എന്നതു എല്ലാ കാലത്തുമുള്ള വീണ്ടെടുക്കപ്പെട്ടവരും, സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള ദൈവത്തിന്റെ ദൂതന്മാരും മനുഷ്യരും അടങ്ങുന്ന, മുഴുവൻ ഭവനക്കാരും ഉൾപ്പെട്ടുകൊണ്ടുള്ള അവസാനമില്ലാത്ത ഒരു ആഘോഷമാണ് (എഫെസ്യർ 3:15).

ചില അർത്ഥത്തിൽ, എബ്രായർ 12:22-ൽ എബ്രായലേഖകൻ വർത്തമാന പൂർണ്ണകാലം ഉപയോഗിച്ചതിനാൽ, ക്രിസ്ത്യാനികൾ *പനേഗുരിസ്* അനുഭവിച്ചുകൊണ്ടാണിരിക്കുന്നത്. ദൈവത്തിൽനിന്നും അവനോടുകൂടെയുള്ള, ജീവനുള്ളവരും മരിച്ചവരുമായ എല്ലാവരിൽ നിന്നും - വളരെ അകന്നവരാണ് എങ്കിലും - ഇപ്പോഴും, അവർക്ക് അവരുമായി ആത്മീയമായി ബന്ധമുണ്ട്.

എങ്ങനെയായാലും, മുഴുവൻ അർത്ഥത്തിലും, അബ്രഹാമിനോടും, യിസഹാക്കിനോടും, യാക്കൊബിനോടും കൂടെ നിത്യരാജ്യത്തിൽ ക്രിസ്ത്യാനികൾ ആകുവോളം - അവർ ദൈവത്തിന്റെ മുഖവും മഹത്തായ വെള്ളസിംഹാസനവും കാണുവോളം - സർവ്വവ്യാപകമായ സഭായോഗം ഭാവിയിലും

ഉണ്ടായിരിക്കും (മത്തായി 8:11; വെളിപ്പാട് 20:11; 22:4).

**ഉപസംഹാരം**

അപ്പോൾ "സഭ," എന്നാൽ, ദൈവത്തിന്റെ വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ കൂട്ടമാണ്. അതായത്, ഈ കൂട്ടത്തിലെ അംഗങ്ങൾ ദൈവത്തിന്റെ വിളിയോടു പ്രതികരിച്ച് പാപത്തെ വിട്ടുകളഞ്ഞു അവനെ അനുസരിച്ചു ജീവിക്കുന്നവരാണ്. അവർ നിരന്തരമായി അവനെ ആരാധിക്കുവാൻ കൂടിവരുന്നു, അവസാനം അവർ ദൈവത്തിന്റെ എല്ലാ അനുസരണമുള്ള അനുയായികളുമായി സ്വർഗ്ഗത്തിലെ സഭായോഗത്തിൽ വെച്ചു ഒത്തു ചേരുന്നു.

---

കുറിപ്പുകൾ

[1]അതേ വാക്ക് തന്നെയാണ് യോഹന്നാൻ 20:11-ൽ ഉപയോഗിച്ചിരിക്കുന്നത്; മറിയ "കല്ലറയിൽ കുനിഞ്ഞു നോക്കി." [2]അലെക്സാണ്ടർ കാമ്പെൽ, "കിങ് ജെയിംസ് ഇൻസ്ട്രക്ഷൻസ്," *ദ ക്രിസ്ത്യൻ ബാപ്റ്റിസ്റ്റ്,* വാ. 2 (ബഫലോ, വിഎ.: ബൈ ദ ആദർ, 1827; റീപ്രിന്റ്, നാഷ്വില്ലേ: ഗോസ്പെൽ അഡ്വക്കേറ്റ് കമ്പനി., 1955), 78. [3]*ദ സേക്രഡ് റൈറ്റിങ്സ് ഓഫ് ദ അപ്പോസ്റ്റൽസ് ആന്റ് ഇവാഞ്ചലിസ്റ്റ്സ് ഓഫ് ജീസസ് ക്രൈസ്റ്റ്, കോമൺലി സ്റ്റൈൽഡ് ദ ന്യൂ ടെസ്റ്റമെന്റ് (ദ ലിവിങ് ഓറക്കിൾസ്)*, ട്രാൻസ്. ജോർജ് കാംബെൽ, ജെയിംസ് മാക്ക്നൈറ്റ്, ആന്റ് ഫിലിപ്പ് ഡോഡ്റിഡ്ജ്, വിത്ത് പ്രിഫെയിസസ്, വേരിയസ് എമെന്റേഷൻസ് ആന്റ് ആൻ അപ്പെന്റിക്സ് ബൈ അലെക്സാണ്ടർ കാംബെൽ (എൻ.പി., 1826; റീപ്രിന്റ്, നാഷ്വില്ലേ: ഗോസ്പൽ അഡ്വക്കേറ്റ് കമ്പനി., 1954).